**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭ - രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. എം. ശശികുമാർ ജോലിക്ക് ഹാജരാകാതിരുന്ന കാലയളവ് ക്രമവൽക്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 3140/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 23.12.2013

=====================================================================

പരാമർശം:-
1. 24.3.2003-ലെ ജി.ഒ (ആർ.ടി) നം.3403/2003/തസ്വഭവ. നമ്പർ ഉത്തരവ്.
2. 9.12.2008-ലെ 76873/ഇയു2/08/തസ്വഭവ. നമ്പർ ഉത്തരവ്.
3. നഗരകാര്യ ഡയറക്ടറുടെ 24.6.2011, 10.4.2012, 5.10.2012 എന്നീ തീയതികളിലെ വി1-16220/08 നമ്പർ കത്തുകൾ.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ സേവനം അനുഷ്ടിച്ചു വരവെ വിദേശത്ത് മെച്ചപ്പെട്ട ജോലി ലഭിക്കുന്നതിനായി ശ്രീ. എം. ശശികുമാർ 11.1.1989 മുതൽ ശമ്പളരഹിത അവധിയിൽ പ്രവേശിക്കുകയും ടി അവധിയ്ക്ക് തുടർച്ചയായി സർക്കാർ ഉത്തരവുകൾ പ്രകാരം 10.1.2009 വരെ 20 വർഷത്തെ ശൂന്യവേതനാവധിയിൽ തുടരുകയും ചെയ്തു. ടി 20 വർഷത്തെ ശൂന്യവേതാനാവധിക്കു ശേഷവും ജോലിയിൽ പുനഃപ്രവേശിക്കാതിരുന്ന ടിയാൾ 11/01/2009 മുതൽ 08/11/2011 വരെയുള്ള കാലയളവിലേക്കു കൂടി ശമ്പള രഹിത അവധി അനുവദിക്കുന്നതിന് അപേക്ഷിക്കുകയുണ്ടായി. എന്നാൽ ജീവനക്കാർക്ക് പരമാവധി അനുവദിക്കാവുന്ന ശൂന്യവേതനാവധിയായ 20 വർഷം അനുവദിച്ചിട്ടുള്ളതിനാൽ ടിയാന്റെ അപേക്ഷ നിരസിച്ച് ടിയാനെ 11.1.2009 മുതൽ ജോലിയിൽ പ്രവേശിക്കണമെന്ന് പരാമർശം (2) മുഖേന സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെ തിരികെ ജോലിയിൽ പ്രവേശിപ്പിച്ചും തിരുവനന്തപുരം നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ നിയമിച്ചും നഗരകാര്യ ഡയറക്ടർ

ഉത്തരവായിരുന്നു. എന്നാൽ ടിയാൻ ജോലിയിൽ പ്രവേശിച്ചിട്ടില്ലായെന്നും ആയതിന് ടിയാനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി അന്തിമമായി തീർപ്പാക്കിയിട്ടുണ്ടെന്നും, അനധികൃതമായി ഹാജരാകാതിരുന്ന കാലയളവിലേയ്ക്ക് ടിയാൻ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെന്നും ആയത് പരിഗണിച്ച് ടിയാന് ശൂന്യവേതനാവധി അനുവദിക്കണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.എം. ശശികുമാർ സമർപ്പിച്ചിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ സാധുത ഇപ്പോൾ പരിശോധിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ ടിയാൻ ജോലിക്ക് ഹാജരാകാതിരുന്ന 11/01/2009 മുതൽ 08/11/2011 വരെയുള്ള കാലയളവ് 'നോൺ ഡ്യൂട്ടി' (without forfeiture of past service) ആയി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**എസ്. വേണുഗോപാലൻ നായർ,**
**ഡെപ്യൂട്ടി സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ശ്രീ. എം. ശശികുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, തിരുവനന്തപുരം നഗരസഭ. (നഗരകാര്യ ഡയറക്ടർ മുഖേന)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**